3

# സിലബസ് ഗ്രിഡ്

## പ്രശ്നമേഖല: ശാസ്ത്രീയമായ സ്ഥലജലമാനേജ്മെന്റിന്റെ അഭാവം.

### ഉപപ്രശ്നങ്ങൾ

- പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിന്റെയും ശാസ്ത്രീയമായ വിനിയോഗത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞിട്ടില്ല.
- പല പ്രകൃതി ദുരന്തങ്ങൾക്കും കാരണം മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലാണെന്ന് തിരിച്ചറിയുന്നില്ല.
- ജലസ്രോതസ്സുകൾ പലവിധത്തിൽ മലിനമാക്കപ്പെടുന്നുണ്ട് എന്ന അവസ്ഥ തിരിച്ചറിയുന്നില്ല.

### പഠനലക്ഷ്യങ്ങൾ

- പരിസ്ഥിതിയിൽ മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽ (കുന്നിടിക്കൽ, വയൽനികത്തൽ, ചെളിവാരൽ, മണൽവാരൽ) പ്രകൃതിവിഭവങ്ങളുടെ വൻതോതിലുള്ള നാശത്തിന് കാരണമാകുന്നുവെന്ന് അന്വേഷണത്തിലൂടെ കണ്ടെത്തുകയും അവ സംരക്ഷിക്കേണ്ടതാണെന്ന ധാരണ ഉറപ്പിക്കുകയും ചെയ്യുന്നു.
- ദ്വിതീയ വിവരശേഖരണം, ചർച്ച എന്നിവയിലൂടെ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് ആശയങ്ങൾ രൂപീകരിക്കുകയും ദുരന്തങ്ങൾ കുറയ്ക്കാനുള്ള മാർഗങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുകയും ചെയ്യുന്നു.
- ജലാശയങ്ങൾ മലിനമാക്കപ്പെടുന്ന സാഹചര്യങ്ങൾ കണ്ടെത്തുകയും മലിനീകരണം നിയന്ത്രിക്കാനുള്ള വഴികളെക്കുറിച്ച് ധാരണ നേടുകയും ചെയ്യുന്നു.
- വിവിധ ജലശുദ്ധീകരണമാർഗങ്ങളെക്കുറിച്ച് അറിവുനേടുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം | • പരിസ്ഥിതിക്ക് ദോഷകരമായ വിധത്തിൽ മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുന്നു. (കുന്നിടിക്കൽ, വയൽ നികത്തൽ, ചെളിവാരൽ, മണൽ വാരൽ) | • പരിസ്ഥിതിനാശവുമായി ബന്ധപ്പെട്ട പ്രാദേശിക സംഭവങ്ങൾ.<br>• കുന്നിടിക്കലുമായി ബന്ധപ്പെട്ട പത്രവാർത്ത, ചിത്രങ്ങൾ.<br>• വായനാസാമഗ്രികൾ (കുന്നിന്റെ പാരിസ്ഥിതികപ്രാധാന്യം വ്യക്തമാക്കുന്നത്.)<br>• മണലെടുപ്പ്, വയൽ നികത്തൽ എന്നിവയുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ.<br>• പരിസ്ഥിതി സംരക്ഷണ പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്ററുകൾ.<br>• കുന്നിന്റെ പരിസ്ഥിതി പ്രാധാന്യം വ്യക്തമാക്കുന്ന സി.ഡി.കൾ. | • പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം. | • കുന്നിടിക്കലുമായി ബന്ധപ്പെട്ട വായനാസാമഗ്രി, പത്രവാർത്ത, ചിത്രങ്ങൾ എന്നിവ വിശകലനം ചെയ്ത് കുന്നിന്റെ പാരിസ്ഥിതികപ്രാധാന്യത്തെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. പ്രതികരണക്കുറിപ്പ് തയാറാക്കുന്നു.<br>• അന്വേഷണപഠനത്തിലൂടെയും സി.ഡി/ടീച്ചറിന്റെ റിസോഴ്സ് മെറ്റീരിയൽ എന്നിവ പരിശോധിച്ചും സ്വന്തം പ്രദേശത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തുന്നു. പഠനയാത്രയിലൂടെ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിഗമനം രൂപീകരിക്കുന്നു. കുറിപ്പ് തയാറാക്കുന്നു.<br>• മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട (വയൽ നികത്തൽ, ചെളിവാരൽ, മണൽവാരൽ) കൂടുതൽ തെളിവുകൾ (ചിത്രങ്ങൾ, വായനാസാമഗ്രികൾ, പ്രാദേശികാനുഭവങ്ങൾ) വിശകലനം ചെയ്ത് നിഗമനങ്ങൾ സാധൂകരിക്കുന്നു. പതിപ്പ് തയാറാക്കുന്നു.<br>• പ്രദേശത്തെ പരിസ്ഥിതിപ്രശ്നവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയാറാക്കുന്നു. | • വസ്തുതകളെ വിശകലനം ചെയ്യാനും ആശയങ്ങൾ പങ്കുവെക്കാനുമുള്ള കഴിവ്.<br>• വിവരശേഖരണത്തിലെ പങ്കാളിത്തം, പ്രക്രിയ, നിരീക്ഷണക്കുറിപ്പ്.<br>• നിരീക്ഷണക്കുറിപ്പ്.<br>ആശയവൈവിധ്യം<br>ആശയവൈപുല്യം<br>• പോസ്റ്ററിലെ ആശയങ്ങളുടെ സംവേദനക്ഷമത വിലയിരുത്തൽ. |

| പഠന പ്രശ്നമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • പ്രകൃതി ദുരന്തങ്ങൾ | • മനുഷ്യന് ദുരിതങ്ങൾ ഉണ്ടാക്കുന്ന നിരവധി പ്രകൃതിപ്രതിഭാസങ്ങൾ ഉണ്ട്.<br>• പ്രകൃതിദുരന്തങ്ങൾമൂലം ആളുകൾ ദുരിതങ്ങൾ അനുഭവിക്കുന്നു. | • കാറ്റും മഴയും അനുഭവവിവരണം.<br>• വായനാസാമഗ്രി (സുനാമി – അനുഭവം)<br>• വാർത്തകൾ, ചിത്രങ്ങൾ, റിപ്പോർട്ടുകൾ.<br>• വായനാസാമഗ്രി (കാലാവസ്ഥാ മുന്നറിയിപ്പ് – പ്രകൃതി ദുരന്തത്തിന്റെ തീവ്രതയുമായി ബന്ധപ്പെട്ടത്). | • പ്രകൃതി ദുരന്തങ്ങളിൽ പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കാനുള്ള മനോഭാവം. | • പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ശ്രവിച്ചും പങ്കുവെച്ചും ചിത്രങ്ങൾ നിരീക്ഷിച്ചും പ്രകൃതിദുരന്തങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• വായനാസാമഗ്രികൾ ചിത്രങ്ങൾ, സി.ഡികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ച് പ്രകൃതിദുരന്തങ്ങൾമൂലം അനുഭവിക്കുന്ന പ്രയാസങ്ങൾ തിരിച്ചറിയുന്നു. കുറിപ്പ് തയാറാക്കുന്നു.<br>– പ്രകൃതിദുരന്തങ്ങളുടെ പട്ടിക, കുറിപ്പുകൾ.<br>• പ്രകൃതിദുരന്തങ്ങളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ആൽബം നിർമ്മിക്കുന്നു. | • ചർച്ചയിലെ പങ്കാളിത്തം വിലയിരുത്തൽ – ടീച്ചർ.<br>• വിശകലനക്കുറിപ്പ് വിലയിരുത്തൽ.<br>• ആൽബം, രൂപീകരണവേളയിലെ പങ്കാളിത്ത മികവ് വിലയിരുത്തൽ. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| | • പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കാം. | • കാലാവസ്ഥാ മുന്നറിയിപ്പ് വാർത്തകൾ, റിപ്പോർട്ടുകൾ, ഊഷ്മാവ് അളക്കാനുള്ള ഉപകരണം, അപകടസൂചനകൾ. | • പ്രകൃതി ദുരന്തങ്ങളിൽ പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കാനുള്ള മനോഭാവം. | • കാലാവസ്ഥ വാർത്തകൾ, കാർട്ടൂൺ, വായനാസാമഗ്രികൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു. നിഗമനം രൂപീകരിക്കുന്നു.<br>• വിദ്യാലയത്തിനു ചുറ്റുമുള്ള അന്തരീക്ഷതാപനില അളന്ന് രേഖപ്പെടുത്തി നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• അഭിമുഖത്തിലൂടെയും ദ്വിതീയ വിവരശേഖരണത്തിലൂടെയും ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br><br>• ലഘുകുറിപ്പുകൾ<br>• പ്രകൃതിദുരന്തം-മുൻകരുതൽ പട്ടിക.<br>• അന്തരീക്ഷതാപനില പട്ടിക.<br>• ചോദ്യാവലി | • പ്രതികരണക്കുറിപ്പുകൾ വിലയിരുത്തൽ. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ജലസ്രോതസ്സുകളുടെ സംരക്ഷണം | • കുടിവെള്ളം മലിനമാകാനുള്ള സാഹചര്യങ്ങൾ ഉണ്ട്. ജലം ശുദ്ധീകരിക്കാൻ വ്യത്യസ്ത മാർഗ്ഗങ്ങളുണ്ട്. | • കാർട്ടൂൺ, കിണർ സർവേ.<br>• വായനാസാമഗ്രി (ജലസ്രോതസ്സുകൾ മലിനീകരിക്കുന്നതുമായി ബന്ധപ്പെട്ടത്.)<br>• ജലശുദ്ധീകരണമാർഗങ്ങൾ - നാട്ടറിവ്/ആധുനികം.<br>• ലഘുപരീക്ഷണങ്ങൾ.<br>മുച്ചട്ടിയരിപ്പ നിർമാണം. | • ജലം, ജലസ്രോതസ്സുകൾ ഇവ സംരക്ഷിക്കുന്നതിനുള്ള മനോഭാവം. | • കാർട്ടൂൺ-(കിണർ ശുദ്ധീകരണം) വായനാകുറിപ്പ്-വിശകലനം.<br>• ജലസ്രോതസ്സുകൾ പട്ടികപ്പെടുത്തുന്നു. കിണർ മലിനീകരണവുമായി ബന്ധപ്പെട്ട നിരീക്ഷണം, സർവേയിലെ നിഗമനങ്ങൾ റിപ്പോർട്ടാക്കുന്നു.<br>• ഇതര ജലസ്രോതസ്സുകൾ, മലിനീകരണം തടയാനുള്ള മാർഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു, കുറിപ്പ് തയാറാക്കുന്നു,<br>• ജല ഉപയോഗങ്ങൾ - സ്വയം പരിശോധനാ ചാർട്ട് - തയാറാക്കൽ, വിശകലനം.<br>• ലഘു പരീക്ഷണങ്ങളിലൂടെ വിവിധ സ്രോതസ്സുകളിലെ വെള്ളത്തിലെ അലേയമാലിന്യങ്ങളെ നിരീക്ഷിക്കൽ, നിഗമനം രൂപീകരിക്കൽ.<br>• ജലശുദ്ധീകരണവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്തും വായനാസാമഗ്രികൾ അപഗ്രഥിച്ചും നിഗമനം രൂപീകരിക്കൽ.<br>• മുച്ചട്ടിയരിപ്പ- പ്രായോഗിക അനുഭവം നേടുന്നു.<br>• പരീക്ഷണ റിപ്പോർട്ട് | • നിരീക്ഷണ പ്രക്രിയ<br>• കുറിപ്പുകൾ വിലയിരുത്തൽ - ടീച്ചർ.<br>• സ്വയം വിലയിരുത്തൽ.<br>• പരീക്ഷണങ്ങൾ രൂപകല്പന ചെയ്യാനുള്ള കഴിവ് വിലയിരുത്തൽ - ടീച്ചർ.<br>• രേഖപ്പെടുത്തലിലെ വൈവിധ്യം. |

## പ്രശ്നമേഖല:
## സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ.

### ഉപപ്രശ്നങ്ങൾ

- നമ്മുടെ നാടിന്റെ സാംസ്കാരികത്തനിമ തിരിച്ചറിയുന്നില്ല.

### പഠനലക്ഷ്യങ്ങൾ

- തന്റെ പ്രദേശത്തെ ഉത്സവങ്ങൾ, ആഘോഷങ്ങൾ, നാടൻകളികൾ, ചരിത്ര സ്മാരകങ്ങൾ, സംഭവങ്ങൾ, സ്ഥലങ്ങൾ എന്നിവയെക്കുറിച്ച് വിവിധ സ്രോതസ്സുകളിലൂടെ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് ആശയരൂപീകരണം നടത്തുന്നു.
- സ്വന്തം ജില്ലയിലെയും സംസ്ഥാനത്തിലെയും പ്രത്യേക പ്രാധാന്യമുള്ള സ്ഥലങ്ങൾ ഭൂപടവായന, വായനാസാമഗ്രി, ചർച്ച എന്നിവയിലൂടെ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യുന്നു.
- ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളെകുറിച്ചും സംസ്ഥാനങ്ങൾ തമ്മിലുള്ള ഭാഷാപരമായ വൈവിധ്യങ്ങളെക്കുറിച്ചും ദ്വിതീയ വിവരശേഖരണം വഴി ശേഖരിച്ച വിവരങ്ങൾ പട്ടികപ്പെടുത്തി നിഗമനം രൂപീകരിക്കുന്നു.
- ദ്വിതീയവിവരശേഖരണം, ചർച്ച, റഫറൻസിങ് എന്നിവയിലൂടെ ദേശീയ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ധാരണ കൈവരിക്കുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • പ്രദേശികചരിത്രവും സംസ്കാരവും | • ഓരോ പ്രദേശത്തും വൈവിധ്യമാർന്ന ഉത്സവങ്ങളും ആഘോഷങ്ങളുമുണ്ട്. | • പ്രാദേശിക ആഘോഷങ്ങളിൽ പങ്കെടുത്ത അനുഭവങ്ങൾ.<br>• ഉത്സവാനുഭവം വിവരിക്കുന്ന ഡയറിക്കുറിപ്പ്.<br>• പ്രാദേശിക സുവനീർ.<br>• അഭിമുഖം/ഉത്സവം - ചിത്രം, കുറിപ്പ്.<br>• സി.ഡി. (ആഘോഷങ്ങൾ) | • സ്വന്തം നാടിന്റെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നു | • അനുഭവങ്ങൾ പങ്കുവെച്ചും ഉത്സവ വിവരണം - ഡയറികുറിപ്പ് വിശകലനം ചെയ്തും ചിത്രങ്ങൾ, അഭിമുഖം, സി.ഡി. നിരീക്ഷണം, വായനാസാമഗ്രികൾ എന്നിവയിൽ നിന്നും പ്രാദേശികമായ ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയിലെ വൈവിധ്യത്തെക്കുറിച്ച് ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ചു നിഗമനം രൂപീകരിക്കുന്നു.<br>• ആഘോഷത്തെക്കുറിച്ചുള്ള കുറിപ്പുകൾ, പതിപ്പ് , അലങ്കാരങ്ങൾ തയ്യാറാക്കുന്നു. | • അനുഭവവിവരണം വിലയിരുത്തൽ.<br>• കുറിപ്പ്, (പോർട്ട്ഫോളിയോ അസസ്മെന്റ്)<br>• പതിപ്പ് - ശേഖരിച്ച വിവരങ്ങളുടെ വൈവിധ്യം.<br>• അഭിമുഖം; കുട്ടിയുടെ പങ്കാളിത്തം. |
| | • നമ്മുടെ പ്രദേശത്തെ കളികളിൽ ചിലത് ഇല്ലാതായിട്ടുണ്ട്. പുതിയ കളികൾ ഉണ്ടായിട്ടുമുണ്ട്. | • വിവിധ കളികളിൽ ഏർപ്പെട്ട അനുഭവം പങ്കിടൽ.<br>• കളിയുമായി ബന്ധപ്പെട്ട ആഖ്യാനം.<br>• കളിപ്പാട്ടുകൾ.<br>• നാടൻകളികൾ - കുറിപ്പ്.<br>• കളിയുപകരണനിർമാണം.<br>• വിവിധ കളികളിലേർപ്പെടൽ.<br>• പഴയകാല കളികൾ - വായനാസാമഗ്രികൾ, ചിത്രങ്ങൾ. | • സ്വന്തം നാടിന്റെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നു. | • കളിയനുഭവങ്ങൾ പങ്കിട്ടും ചില കളികളുടെ ആഖ്യാനം പരിചയപ്പെട്ടും തന്റെ പ്രാദേശത്തെ കളികളെക്കുറിച്ച് മുതിർന്ന വ്യക്തികളിൽ നിന്നും ദ്വിതീയവിവരശേഖരണം വഴിയും വിവരങ്ങൾ ശേഖരിച്ച് കളികളെക്കുറിച്ച് ആശയരൂപീകരണം നടത്തുന്നു,<br>• കളിക്കുറിപ്പ്, നാടൻ കളിപ്പതിപ്പ്, കളിയുപകരണ നിർമാണം, കളിക്കലണ്ടർ തയാറാക്കൽ. കേരളത്തിലെ ആഘോഷങ്ങളെകുറിച്ചും നാടൻകളികളെകുറിച്ചും വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ആൽബം നിർമിക്കുന്നു. | • അനുഭവം പങ്കിടൽ - വിലയിരുത്തൽ.<br>• കളി, കളിനിയമങ്ങൾ അനുസരിച്ച് കളിക്കൽ - സ്വയം, പരസ്പരം വിലയിരുത്തൽ.<br>• കളിയുപകരണ നിർമാണം - വിലയിരുത്തൽ.<br>• നാടൻകളിപ്പതിപ്പ് - (പോർട്ട് ഫോളിയോ അസസ്മെന്റ്)<br>• ആൽബം -നിർമാണത്തിലെ മികവ്. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • പ്രദേശികചരിത്രവും സംസ്കാരവും | • പലപ്രദേശങ്ങളിലും സാംസ്കാരികമായും ചരിത്രപരമായും പ്രാധാന്യമുള്ള സ്മാരകങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, സംഭവങ്ങൾ എന്നിവ ഉണ്ട്/ഉണ്ടായിരുന്നു. | • തന്റെ പ്രദേശത്തെ ചരിത്ര പ്രാധാന്യമുള്ള സ്മാരകം, സ്ഥാപനം, സ്ഥലം - കുറിപ്പ്.<br>• പഞ്ചായത്ത് വികസനരേഖ.<br>• സുവനീറുകൾ.<br>• അഭിമുഖം.<br>• വിദ്യാലയ ചരിത്രസൂചന. | • സ്വന്തം നാടിന്റെ പാരമ്പര്യത്തിൽ അഭിമാനം.<br>• ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന മനോഭാവം. | • പത്രവാർത്തയും ചിത്രവും (ചരിത്രസ്മാരകം നശിക്കുന്ന/ നശിപ്പിക്കപ്പെടുന്ന) വിശകലനം ചെയ്യൽ.<br>• മുതിർന്നവരുമായുള്ള ആശയ വിനിമയത്തിലൂടെയും സന്ദർശനം വഴിയും വായനാ സാമഗ്രികളിലൂടെയും തങ്ങളുടെ പ്രദേശത്തെ ചരിത്രസംഭവങ്ങൾ, വ്യക്തികൾ, സ്മാരകങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു, ആശയരൂപീകരണം നടത്തുന്നു.<br>• പ്രാദേശിക ചരിത്ര കുറിപ്പ്, യാത്രാക്കുറിപ്പ് | • അഭിമുഖം; ചോദ്യാവലിയുടെ മികവ്.<br>• പ്രാദേശിക ചരിത്രവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, സ്മാരകങ്ങൾ - കുറിപ്പ് വിലയിരുത്തൽ.<br>• ഫീൽഡ്ട്രിപ്പ് -ശേഖരിച്ച വിവരങ്ങളുടെ സംക്ഷിപ്തത രേഖപ്പെടുത്തിയ രീതി. |
| • കേരളസംസ്ഥാനത്തിന്റെ പ്രത്യേകതകൾ. | • കേരളത്തിൽ പ്രത്യേക പ്രാധാന്യമുള്ള പല സ്ഥലങ്ങളുമുണ്ട്. (തലസ്ഥാനം, വ്യവസായകേന്ദ്രം, തുറമുഖം, വിമാനത്താവളം, ജില്ലകൾ, ...) | • ജിഗ്സോപസിൽ (കേരളം)<br>• കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം.<br>• വിനോദസഞ്ചാരകേന്ദ്രങ്ങൾ - സി.ഡി.<br>• ഇയർബുക്കുകൾ.<br>• സാഹിത്യ അക്കാദമി - സി.ഡി.<br>• എസ്.ഐ.ഇ.ടി. - കേരളം - സി.ഡി.<br>• ജില്ലകളെകുറിച്ചുള്ള പാട്ട്. | • സ്വന്തം നാടിന്റെ പാരമ്പര്യത്തിൽ അഭിമാനം | • യാത്രകുറിപ്പ് വിശകലനം ചെയ്യൽ, യാത്ര അനുഭവങ്ങൾ പങ്കുവെയ്ക്കൽ.<br>• കേരളത്തിന്റെ ഭൂപടം നിരീക്ഷിച്ചും ദ്വിതീയ വിവരശേഖരണത്തിലൂടെയും തലസ്ഥാനം, മറ്റ് പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ കണ്ടെത്തി ഏത് ജില്ലിയിലാണെന്ന് പട്ടികപ്പെടുത്തുന്നു.<br>• വളരുന്ന ഭൂപടം, ആൽബം - കേരളം. | • ഭൂപടവായനയിലെ മികവ്<br>• ആൽബം - പരസ്പരം വിലയിരുത്തൽ. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • സ്വന്തം ജില്ലയുടെ പ്രത്യേകതകൾ. | • സ്വന്തം ജില്ലയിൽ പ്രത്യേക പ്രാധാന്യമുള്ള സ്ഥലങ്ങളുണ്ട്. (ജില്ലാ ആസ്ഥാനം, വിമാനത്താവളം, തുറമുഖം, വിനോദസഞ്ചാരകേന്ദ്രം, ചരിത്രസ്മാരകങ്ങൾ, റെയിൽവേ നിലയം, വന്യജീവിസങ്കേതം, ...) | • കേരളത്തിന്റെ ഭൂപടം.<br>• ജില്ലാ ഭൂപടം.<br>• ജില്ലാഭൂപട വായനക്കുള്ള സൂചനകൾ, വിശദാംശങ്ങൾ.<br>• വായനാസാമഗ്രികൾ (ജില്ലയിലെ പ്രാധാന്യമുള്ള സ്ഥലങ്ങളെക്കുറിച്ച്) | • സ്വന്തം നാടിന്റെ പാരമ്പര്യത്തിൽ അഭിമാനം | • കേരളത്തിന്റെ ഭൂപടത്തിൽ സ്വന്തം ജില്ലയുടെ സ്ഥാനം കണ്ടെത്തുന്നു.<br>• ജില്ലാഭൂപടവായനയിലൂടെ ജില്ലയിലെ പ്രാധാന്യമുള്ള സ്ഥലങ്ങൾ തിരിച്ചറിയുന്നു. ജില്ലാഭൂപടത്തിൽ കണ്ടെത്തുന്നു.<br>• ജില്ലയെക്കുറിച്ച് ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് ചുമർപത്രിക തയാറാക്കുന്നു. | • ഭൂപടവായനയിലെ മികവ്<br>• ചുമർപത്രിക വിലയിരുത്തൽ. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ഇന്ത്യ നാനാത്വത്തിൽ ഏകത്വം | • ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളുമുണ്ട്.<br>• ഇന്ത്യയ്ക്ക് പൊതുവായ ചിഹ്നങ്ങളുണ്ട്. | • യാത്രാവിവരണം – (ഇന്ത്യയിലെ സംസ്ഥാനങ്ങളിലൂടെ)<br>• മഹാന്മാരുടെ ഫോട്ടോഗാലറി.<br>• ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം<br>• ദേശീയ ചിഹ്നങ്ങൾ – ചിത്രങ്ങൾ, കുറിപ്പ്.<br>• ഇയർബുക്കുകൾ.<br>• ദേശീയഗാനത്തെക്കുറിച്ച് കുറിപ്പ്.<br>• ദേശീയഗാനം, ദേശഭക്തി ഗാനങ്ങൾ – സി.സി.ആർ.ടി സിഡികൾ. | • ഭാരതത്തിന്റ സാംസ്കാരിക സമ്പന്നതയിൽ അഭിമാനം കൊള്ളുന്നു. | • അനുഭവങ്ങൾ പങ്കുവെച്ചും യാത്രവിവരണം വായിച്ച് വിശകലനം ചെയ്തും ഭൂപടം നിരീക്ഷിച്ചും ഇന്ത്യയിലെ സംസ്ഥാനങ്ങളെക്കുറിച്ച് ആശയം രൂപീകരിക്കുന്നു – പട്ടികപ്പെടുത്തുന്നു<br>• ചിത്രങ്ങൾ നിരീക്ഷിച്ചും കുറിപ്പുകൾ വായിച്ചും ചർച്ച ചെയ്തും ദേശീയ ചിഹ്നങ്ങളെക്കുറിച്ചുള്ള ആശയരൂപീകരണം നടത്തുന്നു.<br>• ദേശീയചിഹ്നങ്ങൾ – പട്ടിക. | • സംസ്ഥാനങ്ങളുടെ പട്ടിക – വിലയിരുത്തൽ<br>• ചോദ്യങ്ങൾ തയാറാക്കുന്നതിലെ വൈവിധ്യം.<br>• ഭൂപടവായനയിലെ സൂക്ഷ്മതയും സമഗ്രതയും– വിലയിരുത്തൽ.<br>• ദേശീയ ചിഹ്നങ്ങളെക്കുറിച്ച് – കുറിപ്പ് വിലയിരുത്തൽ. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ഇന്ത്യ നാനാത്വത്തിൽ ഏകത്വം | • സംസ്ഥാനങ്ങൾ തമ്മിൽ ഭാഷയുടെ കാര്യത്തിൽ വൈവിധ്യം നിലനിൽക്കുന്നു. | • വിവിധ ഭാഷകളിലുള്ള സംഭാഷണം - കുറിപ്പ്.<br>• 10 രൂപ കറൻസിനോട്ടിന്റെ ചരിത്രം.<br>• വിവിധ ഭാഷാഗാനങ്ങൾ - സി.ഡി., കാസറ്റ്.<br>• ഭാഷാപത്രങ്ങൾ.<br>• ഭാഷ, സംസ്ഥാനം - പട്ടിക.<br>• നമ്മൾ ഇന്ത്യക്കാർ - പുസ്തകം - എൻ.ബി.ടി.<br>• നാനാത്വത്തിൽ ഏകത്വം സൂചിപ്പിക്കുന്ന കുറിപ്പ്.<br>• സാംസ്കാരിക വൈവിധ്യങ്ങളെ സൂചിപ്പിക്കുന്ന വീഡിയോ ദൃശ്യങ്ങൾ.<br>• ഇയർബുക്ക്. | • ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തിനിടയിലും നാമെല്ലാം ഭാരതീയരാണ് എന്ന ബോധം. | • വിവിധ സംസ്ഥാനങ്ങളിലെ ഭാഷ വ്യക്തമാക്കുന്ന സംഭാഷണം, കുറിപ്പ്, വീഡിയോ ദൃശ്യങ്ങൾ, വായനാസാമഗ്രികൾ, കറൻസിനോട്ട് എന്നിവ നിരീക്ഷിച്ചും ആശയങ്ങൾ പങ്കുവെച്ചും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഭാഷാപരമായ വൈവിധ്യം തിരിച്ചറിയുന്നു. നിഗമനം രൂപീകരിക്കുന്നു.<br>• വിവിധ സംസ്ഥാനങ്ങളിലെ ഭാഷ - പട്ടികപ്പെടുത്തൽ.<br>• വിവിധഭാഷാഗാനങ്ങൾ - ഗാനസദസ്സ്.<br>• കറൻസി നോട്ട് - നിരീക്ഷണം.<br>• ഇന്ത്യയെക്കുറിച്ച് - ചുമർപത്രം തയാറാക്കൽ. | • ഭാഷാപട്ടിക - പരസ്പരം വിലയിരുത്തൽ<br>• ചുമർപത്രിക വിലയിരുത്തൽ<br>• പഠനറിപ്പോർട്ട് സമഗ്രത.<br>• ഗാനസദസ്സ് കുട്ടികളുടെ പങ്കാളിത്തം. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ദേശീയ സ്വാതന്ത്ര്യസമരം. | • ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യക്കാർ നടത്തിയ സമരമാണ് ദേശീയ സ്വാതന്ത്ര്യസമരം.<br>• ദേശീയസ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നിരവധി സംഭവങ്ങൾ, വ്യക്തികൾ ഉണ്ട്. | • സ്വാതന്ത്ര്യസമര മുഹൂർത്തങ്ങൾ; വിവരണം, സി.ഡി, പുസ്തകങ്ങൾ.<br>• സ്വാതന്ത്ര്യസമരഗീതങ്ങൾ.<br>• സ്വാതന്ത്ര്യസമരം – ചിത്രീകരണങ്ങൾ.<br>• പ്രാദേശിക ചരിത്രരേഖ –<br>• ജീവചരിത്രക്കുറിപ്പുകൾ.<br>• സ്വാതന്ത്ര്യസമരനായകർ – ചിത്രങ്ങൾ.<br>• ഗാന്ധി സിനിമ – സി.ഡി.<br>• ലൈഫ് ഓഫ് ഗാന്ധി – സി.ഡി. | • ദേശീയസ്വാതന്ത്ര്യസമരത്തോട് ആദരവ്, നേടിയ സ്വതന്ത്ര്യം കാത്തുസൂക്ഷിക്കേണ്ടതാണെന്ന തിരിച്ചറിവ്. | • വായനാസാമഗ്രികൾ, ചർച്ച, സി.ഡി. എന്നിവയിലൂടെ ദേശീയ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് വിവരശേഖരണം നടത്തി അപഗ്രഥനത്തിലൂടെ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് പ്രാഥമിക ആശയങ്ങൾ രൂപീകരിക്കുന്നു.<br>– പ്രതികരണകുറിപ്പ്– ഉപ്പ് സത്യാഗ്രഹം കുറിപ്പ്<br>• പുസ്തകങ്ങൾ, ഓഡിയോ, സി.ഡി എന്നിവയിൽ നിന്നും മുതിർന്നവരിൽ നിന്നും സ്വാതന്ത്ര്യസമരഗീതങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്നു. (സ്വാതന്ത്ര്യസമരഗീതങ്ങൾ– ശേഖരണം)<br>• ഗ്രൂപ്പ് ചർച്ചയിലൂടെ ഏതെങ്കിലും ഒരു ചരിത്രസംഭവത്തിന്റെ നാടകരൂപം തയാറാക്കുന്നു, അവതരിപ്പിക്കുന്നു. (നാടകം)<br>• ദ്വിതിയസ്രോതസ്സുകൾ വഴിയോ നേരിട്ടോ സ്വന്തം പ്രദേശത്തെ സ്വാതന്ത്ര്യസമര ചരിത്രത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയാറാക്കുന്നു.<br>• മഹാൻമാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കുന്നു. | • കുറിപ്പ് – വിവരങ്ങളുടെ സമഗ്രത.<br>• സ്വാതന്ത്ര്യസമരഗീതങ്ങൾ; ശേഖരണം, അവതരണം – പരസ്പരം, ടീച്ചർ.<br>• നാടകീകരണം – ഗ്രൂപ്പുകളുടെ വിലയിരുത്തൽ.<br>• ആൽബം – നിർമാണത്തിലെ മികവ് വിലയിരുത്തൽ. |

## പ്രശ്നമേഖല:
## വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.

### ഉപപ്രശ്നങ്ങൾ

- പ്രകൃതിയിലെ പരസ്പരബന്ധം തിരിച്ചറിയാത്ത അവസ്ഥ.
- നമുക്കുചുറ്റും നടക്കുന്ന മാറ്റങ്ങളെ ശാസ്ത്രീയമായി നോക്കിക്കാണുന്നില്ല.

### പഠനലക്ഷ്യങ്ങൾ

- ജീവജാലങ്ങളെ നിരീക്ഷിച്ചും വായനാസാമഗ്രികൾ വിശകലനം ചെയ്തും ആഹാരസമ്പാദനത്തിനുള്ള അനുകൂലനങ്ങളും ജീവജാലങ്ങൾ തമ്മിലുള്ള ആഹാരബന്ധവും കണ്ടെത്തുന്നു. ജീവജാലങ്ങളുടെ പരസ്പരാശ്രയത്വം ആവശ്യമാണെന്ന തിരിച്ചറിവുണ്ടാകുന്നു.
- ലഘുപരീക്ഷണങ്ങൾ, നിരീക്ഷണം, വായനാസാമഗ്രികൾ, സി.ഡി.കൾ എന്നിവയിലൂടെ ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ നക്ഷത്രകൂട്ടങ്ങൾ എന്നിവയെക്കുറിച്ച് ആശയരൂപീകരണം നടത്തുന്നു.
- പ്രകൃതിയിലെ വസ്തുക്കൾക്ക് ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളുണ്ടെന്ന് ലഘുപരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നു. ചുറ്റുമുള്ള വസ്തുക്കൾക്ക് സംഭവിക്കുന്ന മാറ്റങ്ങൾ തിരിച്ചറിയുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ജലത്തിന്റെ പ്രത്യേകതകൾ. | • ജലത്തിന് ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളുണ്ട്. | • ഡയറികുറിപ്പ്.<br>• പരീക്ഷണ സാമഗ്രികൾ<br>- ഐസ്, വെള്ളം<br>- ബീക്കർ, സ്പിരിറ്റ്ലാമ്പ്<br>- സ്റ്റീൽ പ്ലേറ്റ്<br>- സ്റ്റീർ ടംബ്ലർ<br>- ചുറ്റിക<br>• തണുപ്പു കൂടിയ രാജ്യങ്ങളിലെ മഞ്ഞുമൂടികിടക്കുന്ന അനുഭവങ്ങൾ - കുറിപ്പ്. | • ചുറ്റുമുള്ള മാറ്റങ്ങളെ ശാസ്ത്രീയമായി വീക്ഷിക്കുന്നതിനുള്ള മനോഭാവം. | • നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ ജലത്തിന് സംഭവിക്കുന്ന മാറ്റങ്ങൾ കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നു. വായനാസാമഗ്രി അപഗ്രഥിച്ച് നിഗമനം രൂപീകരിക്കുന്നു.<br>• ചുറ്റുപാടു നിന്നും ലഭിക്കുന്ന സാമഗ്രികൾ ഉപയോഗിച്ച് ഗ്രൂപ്പ് ചർച്ചയിലൂടെ പരീക്ഷണം രൂപകല്പന ചെയ്യുന്നു. നിഗമനം രൂപീകരിക്കുന്നു.<br>പരീക്ഷണറിപ്പോർട്ട്, നിഗമന കുറിപ്പ്. | • പരീക്ഷണം, പ്രക്രിയ<br>• പരീക്ഷണക്കുറിപ്പ് - സ്വയം, പരസ്പരം.<br>• ജലത്തിന്റെ അവസ്ഥകൾ പട്ടിക വിലയിരുത്തൽ.<br>• പരീക്ഷണം- പ്രക്രിയ,പരീക്ഷണ റിപ്പോർട്ട്, മികവ്. |
| • പ്രകൃതിയിലെ വസ്തുക്കൾക്കുള്ള പ്രത്യേകതകൾ. | • പ്രകൃതിയിലെ വസ്തുക്കൾ ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളിൽ സ്ഥിതി ചെയ്യുന്നു. | • പരീക്ഷണസാമഗ്രികൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, ബലൂണുകൾ, ഗ്ലാസ്, ചന്ദനത്തിരി, ചാർട്ട് പേപ്പർ, മാർക്കർ പെൻ. | • പ്രകൃതിയിലെ വസ്തുക്കളെ ശാസ്ത്രീയമായി നോക്കി കാണാനുള്ള മനോഭാവം. | • നിരീക്ഷണത്തിലൂടെ ഖരം, ദ്രാവകം എന്നിവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. അന്വേഷണത്തിലൂടെയും ചർച്ചകളിലൂടെയും നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• പരീക്ഷണത്തിലൂടെയും, സ്വന്തമായി പരീക്ഷണം രൂപകല്പന ചെയ്യുന്നതിലൂടെയും വായുവിന്റെ പ്രത്യേകതകളെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• പരീക്ഷണത്തിലൂടെയും ഗ്രൂപ്പ് ചർച്ചകളിലേർപ്പെട്ടും വാതകങ്ങളുടെ പൊതുവായ പ്രത്യേകതകളെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. ഖരം, ദ്രാവകം, വാതകം-പ്രത്യേകതകൾ. | • നിരീക്ഷണം - പ്രക്രിയ, കുറിപ്പ്.<br>• പരീക്ഷണം - പ്രക്രിയ, കുറിപ്പ്. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ആഹാരസമ്പാദനത്തിനായി ജീവികൾക്കുള്ള അനുകൂലനങ്ങൾ. | • ആഹാര സമ്പാദനത്തിനായി ജീവികൾക്ക് പല അനുകൂലനങ്ങളും ഉണ്ട്. | • ഇരപിടിക്കൽ - കഥ.<br>• ജീവികളും ആഹാരബന്ധവും കുറിപ്പ്, ചിത്രങ്ങൾ<br>• സി.ഡി - ജീവികൾ ഇര തേടുന്ന ദൃശ്യങ്ങൾ. | • പ്രകൃതിയിലുള്ള പരസ്പരബന്ധത്തിലെ ഒരു കണ്ണിയാണ് താനെന്ന മനോഭാവം. | • ഇരപിടിക്കലുമായി ബന്ധപ്പെട്ട ചിത്രം നിരീക്ഷിച്ചും, കുറിപ്പ് വിശകലനം ചെയ്തും ജീവികൾക്ക് ആഹാരസമ്പാദനത്തിന് അനുകൂലനങ്ങൾ ഉണ്ടെന്ന് കണ്ടെത്തി നിഗമനം രൂപീകരിക്കുന്നു, കുറിപ്പ് തയാറാക്കുന്നു. | • അനുഭവവിവരങ്ങളുടെ പങ്കാളിത്തം.<br>• ആഹാരബന്ധങ്ങളുടെ പട്ടിക -സ്വയം, പരസ്പരം വിലയിരുത്തൽ.<br>• നിരീക്ഷണ ശേഷി പ്രതിഫലിക്കുന്ന കുറിപ്പ് - വിലയിരുത്തൽ. |
| • പ്രകൃതിയിലെ പരസ്പരബന്ധം. | • ഭക്ഷണത്തിനായി ജീവികൾ പരസ്പരം ആശ്രയിക്കുന്നു. ഒരു പ്രദേശത്തെ ജീവജാലങ്ങൾ തമ്മിൽ ആഹാര ബന്ധങ്ങളുണ്ട്. | • ചിത്രീകരണം - ജീവികൾ പരസ്പരാശ്രിതരായി ജീവിക്കുന്ന അവസ്ഥ.<br>• പരിസരം - നിരീക്ഷണം<br>• ആഹാരബന്ധങ്ങളെക്കുറിച്ചുള്ള വിവരണം.<br>• ചിത്രആൽബം - ആഹാരബന്ധം.<br>• വായനാസാമഗ്രികൾ - ആഹാരബന്ധം - നാശം സൂചിപ്പിക്കുന്നത്. | • പ്രകൃതിയിലെ എല്ലാജീവജാലങ്ങളെയും സംരക്ഷിക്കപ്പെടേണ്ടതാണെന്ന മനോഭാവം. | • കാടിന്റെ ചിത്രം - വിശകലനം ചെയ്തും ആഹാരബന്ധങ്ങൾ പട്ടികപ്പെടുത്തിയും നിഗമനം രൂപീകരിക്കുന്നു.<br>ആഹാരബന്ധം പട്ടിക.<br>• ഓരോ ജീവിയും കഴിക്കുന്ന ആഹാരത്തിന്റെ അടിസ്ഥാനത്തിൽ ജീവികളെ നിരീക്ഷിച്ചും ചർച്ച ചെയ്തും വായനാസാമഗ്രികൾ വായിച്ചും ജീവജാലങ്ങൾ തമ്മിലുള്ള പരസ്പരബന്ധം (ആഹാരബന്ധം) തിരിച്ചറിയുന്നു, ചിത്രീകരിക്കുന്നു.<br>• നിരീക്ഷണക്കുറിപ്പ്, ഫ്ളോചാർട്ട് - (ആഹാരബന്ധങ്ങൾ) | • നിരീക്ഷണക്കുറിപ്പിന്റെ മികവ്.<br>• നിഗമനങ്ങളുടെ പ്രസക്തി വിലയിരുത്തൽ - ടീച്ചർ.<br>• ഫ്ളോചാർട്ട് വിലയിരുത്തൽ - പരസ്പരം. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ചന്ദ്രനും നക്ഷത്രങ്ങളും | • ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ.<br>• ചന്ദ്രന് വൃദ്ധിക്ഷയങ്ങളുണ്ട്. | • ചന്ദ്രനെക്കുറിച്ചുള്ള കവിത.<br>• നിരീക്ഷണാനുഭവം.<br>• ചന്ദ്രനെക്കുറിച്ചുള്ള ചിത്രം – കുറിപ്പ്.<br>• കലണ്ടർ – അമാവാസി, പൗർണമി.<br>• ചാന്ദ്രയാത്ര – അനുഭവം, വിവരണം.<br>• ചാന്ദ്രയാത്ര – സിഡി. | • പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ കാഴ്ചപ്പാട് | • നിരീക്ഷണം, അനുഭവങ്ങളുടെ പങ്കിടൽ, വായനാസാമഗ്രികൾ എന്നിവയിലൂടെ ചന്ദ്രനെക്കുറിച്ചും ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുകയും ആശയരൂപീകരണം നടത്തുകയും ചെയ്യുന്നു.<br>• വായനാസാമഗ്രികൾ, സി.ഡി.കൾ എന്നിവ വായിച്ചും നിരീക്ഷിച്ചും ചാന്ദ്രയാത്രയെക്കുറിച്ചുള്ള ധാരണ നേടുന്നു.<br>• നിരീക്ഷണപ്പട്ടിക, സാങ്കൽപികയാത്രാവിവരണം. | • ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ പട്ടിക വിലയിരുത്തൽ |
| | • ആകാശത്ത് അനന്തകോടി നക്ഷത്രങ്ങളുണ്ട്, നക്ഷത്രസമൂഹങ്ങൾക്ക് പേരുകളുണ്ട്. | • ആകാശകാഴ്ചയുമായി ബന്ധപ്പെട്ട കവിത.<br>• നക്ഷത്രനിരീക്ഷണം.<br>• വായനാകുറിപ്പ്.<br>• നക്ഷത്രനിരീക്ഷണം, ചിത്രങ്ങൾ. | • പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ കാഴ്ചപ്പാട് | • കവിതയിലെ ആശയങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിലൂടെ ആകാശദൃശ്യങ്ങളെക്കുറിച്ച് അനുഭവം പങ്കിടുന്നു.<br>• ആകാശനിരീക്ഷണം നടത്തിയും പരീക്ഷണം നടത്തിയും വായനാസാമഗ്രികൾ വായിച്ചും നക്ഷത്രങ്ങളെ കുറിച്ച് നിഗമനം രൂപീകരിക്കുന്നു, നക്ഷത്രകൂട്ടങ്ങളെ തിരിച്ചറിയുന്നു.<br>• ആകാശകാഴ്ച – നക്ഷത്രനിരീക്ഷണം കുറിപ്പ്. | • ചർച്ചയിലെ പങ്കാളിത്തം, ആശയരൂപീകരണം – ടീച്ചർ.<br>• കുറിപ്പ്, പോർട്ട്ഫോളിയോ അസസ്മെന്റ്. |

## പ്രശ്നമേഖല:
## കൃഷിയെ ഒരു ജീവിതസംസ്കാരമായി കാണാത്ത അവസ്ഥ.

### ഉപപ്രശ്നങ്ങൾ

- സസ്യലോകത്തെ വൈവിധ്യത്തെക്കുറിച്ച് തിരിച്ചറിവില്ല.
- നമ്മുടെ നാട്ടിലെ കൃഷിയിൽ വൈവിധ്യങ്ങളുണ്ടെന്ന് തിരിച്ചറിയുന്നില്ല.

### പഠനലക്ഷ്യങ്ങൾ

- സസ്യങ്ങളുടെ ഘടന, ധർമം, ആയുസ്സ് , വലിപ്പം, സാമ്യ-വ്യത്യാസങ്ങൾ വിത്ത് വിതരണരീതികൾ എന്നിവയെക്കുറിച്ച് നിരീക്ഷണം, ലഘുപരീക്ഷണം തുടങ്ങിയവയിലൂടെ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.
- ഹ്രസ്വകാല, ദീർഘകാല വിളകളേതെന്നു തിരിച്ചറിയുന്നു. ഹ്രസ്വ-ദീർഘ കാല വിളകൾ കൃഷി ചെയ്യേണ്ടതുണ്ടെന്ന് തിരിച്ചറിയുന്നു.
- കൃഷിയെപ്പോലെ തന്നെ ജീവിതോപാധിയായി സ്വീകരിക്കാവുന്ന കാർഷികമേഖലയാണ് ജന്തുക്കളെ വളർത്തൽ എന്ന് ദ്വിതീയ വിവരശേഖരണം വഴി ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ച് ധാരണ രൂപീകരിക്കുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • സസ്യലോകത്തെ വൈവിധ്യം | • വേര്, തണ്ട്, ഇല, പൂവ്, കായ എന്നിവ സസ്യങ്ങളുടെ ഭാഗങ്ങളാണ്. ഇവയ്ക്ക് പ്രത്യേക ധർമങ്ങളുണ്ട്. | • ചിത്രം – ചെടിയുടെ ഭാഗങ്ങൾ.<br>• പരീക്ഷണം – മഷിത്തണ്ടുചെടി<br>• കുറിപ്പ് – ഇലയുടെ ധർമം.<br>• ചിത്രം – വേരപ്പൂപ്പൻ.<br>• കുറിപ്പ് – കണ്ടൽവേര്, സംഭരണവേര്.<br>• ചിത്രം – സസ്യഭാഗങ്ങൾ, കുറിപ്പ് – സസ്യഭാഗങ്ങളുടെ ഉപയോഗം. | • സസ്യലോകത്തെ വൈവിധ്യങ്ങളെ കൗതുകപൂർവം വീക്ഷിക്കുന്നു. | • നിരീക്ഷണം, പരീക്ഷണം, പട്ടികപ്പെടുത്തൽ, ദ്വിതീയവിവരശേഖരണം എന്നിവയിലൂടെ സസ്യഭാഗങ്ങളെ കുറിച്ചും അവയുടെ ധർമങ്ങളെ കുറിച്ചും നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• നിരീക്ഷണക്കുറിപ്പ്.<br>• പരീക്ഷണക്കുറിപ്പ്.<br>• പൂവ്, കായ ധർമങ്ങളെക്കുറിച്ച് കുറിപ്പ്. | • ചിത്രം – സ്വയം വിലയിരുത്തൽ.<br>• നിരീക്ഷണക്കുറിപ്പ് – ടീച്ചർ, സ്വയം.<br>• പരീക്ഷണക്കുറിപ്പ് – പ്രക്രിയ ടീച്ചർ.<br>• ഉൽപ്പന്നം വിലയിരുത്തൽ<br>• കുറിപ്പ്, ധർമങ്ങൾ വിലയിരുത്തൽ – സ്വയം, ടീച്ചർ |
| | • ആയുസ്സ്, വലിപ്പം എന്നിവയുടെ അടിസ്ഥാനത്തിൽ സസ്യങ്ങളെ തരംതിരിക്കാം. | • വിവിധ ഘടനയുള്ള സസ്യങ്ങളുടെ ചിത്രം, ഫീൽഡ്ട്രിപ്പ്.<br>• സസ്യവർഗീകരണപ്പട്ടിക.<br>• ചെടിവിശേഷങ്ങൾ – കുറിപ്പ്.<br>• നിരീക്ഷണം – ചെടികൾ. | | • ഒരു കാട് – പ്രദേശം, ചിത്രവിശദീകരണം, ചർച്ച.<br>• നിരീക്ഷണം, വർഗീകരണം, താരതമ്യം എന്നിവയിലൂടെ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് സസ്യങ്ങൾ തമ്മിൽ വലിപ്പത്തിലും ആയുസിലും ഘടനയിലും വ്യത്യാസമുണ്ടെന്ന നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• നിരീക്ഷണക്കുറിപ്പുകൾ. | • പട്ടിക വിലയിരുത്തൽ – സ്വയം വിലയിരുത്തൽ.<br>• നിരീക്ഷണക്കുറിപ്പുകൾ വിലയിരുത്തൽ – ടീച്ചർ, പരസ്പരം. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • സസ്യലോകത്തെ വൈവിധ്യം | • സസ്യങ്ങൾ വിത്തുവിതരണം നടത്തുന്നത് വ്യത്യസ്ത രീതിയിലാണ്. (കാറ്റ്, ജലം, ജീവി, ...) | • *ആഖ്യാനം* അപ്പൂപ്പൻ താടിയുടെ സഞ്ചാരം.<br>• ചിത്രങ്ങൾ - വ്യത്യസ്തതരം വിത്തുകൾ.<br>• വിത്ത് വിതരണവിവരണം. (വ്യത്യസ്ത രീതി).<br>• വിത്തുകൾ - നിരീക്ഷണക്കുറിപ്പ്.<br>• വിതരണരീതി - കുറിപ്പ്. | • സസ്യലോകത്തെ വൈവിധ്യങ്ങളെ കൗതുകപൂർവം വീക്ഷിക്കുന്നു. | • വായനാസാമഗ്രികൾ, പരീക്ഷണം, നിരീക്ഷണം എന്നിവയിൽ നിന്ന് സസ്യങ്ങളുടെ വിത്ത് വിതരണത്തെക്കുറിച്ച് വിവരശേഖരണം നടത്തുന്നു. പട്ടിക അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• വിത്ത് ആൽബം തയാറാക്കൽ. | • പട്ടിക വിലയിരുത്തൽ - സ്വയം<br>• നിരീക്ഷണക്കുറിപ്പ് വിലയിരുത്തൽ - പരസ്പരം, ടീച്ചർ.<br>• വിത്ത് ആൽബം വിലയിരുത്തൽ - പരസ്പരം, ടീച്ചർ.<br>• വിത്ത് തരംതിരിച്ച പട്ടിക വിലയിരുത്തൽ - പരസ്പരം, ടീച്ചർ. |
| • വൈവിധ്യങ്ങൾ നിറഞ്ഞ കാർഷികലോകം | • നമ്മുടെ നാട്ടിൽ ഹ്രസ്വകാല വിളകളും ദീർഘകാലവിളകളുമുണ്ട്. | • മാതൃകാകർഷകർ - വാർത്തകൾ.<br>• പട്ടിക - ചെടിയും കാലയളവും.<br>• കുറിപ്പ് - ഹ്രസ്വകാലവിളകൾ.<br>• ദീർഘകാലവിളകൾ - വിവരണം.<br>. | • കർഷകനോടും, കാർഷികവൃത്തിയോടും താല്പര്യം | • മാതൃകാകർഷകന്റെ അനുഭവകുറിപ്പ് - ചർച്ച<br>• നമ്മുടെ പ്രദേശത്തെ കാർഷികവിളകൾ പട്ടികപ്പെടുത്തിയും വായനാസാമഗ്രികൾ വായിച്ചും വിവരങ്ങൾ ശേഖരിക്കുന്നു. വിളകളെ തരംതിരിച്ച് ഹ്രസ്വകാല, ദീർഘകാല വിളകളുണ്ടെന്ന നിഗമനം രൂപീകരിക്കുന്നു. | • പട്ടിക വിലയിരുത്തൽ - ടീച്ചർ, പരസ്പരം. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • വൈവിധ്യങ്ങൾ നിറഞ്ഞ കാർഷികലോകം | • കാർഷിക വിളകളെ പ്പോലെ പ്രാധാന്യമുള്ള താണ് ജന്തുക്കളെ വളർത്തലും (പശു, ആട്, കോഴി, മത്സ്യം). | • വാർത്ത - ജീവികളെ വളർത്തി ജീവിതവിജയം നേടിയ വ്യക്തികൾ.<br>• ചിത്രം - വ്യത്യസ്ത വളർത്തുമൃഗങ്ങൾ. (കുറിപ്പ്).<br>• വിനോദത്തിനായി വളർത്തുന്ന ജീവികൾ - വിവരണം.<br>• പട്ടിക - ജീവികൾ പ്രയോജനങ്ങൾ. | • കർഷകനോടും, കാർഷിക വൃത്തിയോടും താല്പര്യം | • കൃഷിയിട സന്ദർശനം, ചിത്ര നിരീക്ഷണം എന്നിവയിലൂടെ ജന്തുക്കൾ, അവയുടെ പ്രയോജനങ്ങൾ എന്നിവ പട്ടികപ്പെടുത്തുന്നു.<br>• പത്രങ്ങൾ, കാർഷികമാസികകൾ, എന്നിവ വായിച്ചും ചർച്ച ചെയ്തും വിവരങ്ങൾ ശേഖരിക്കുന്നു. അപഗ്രഥനത്തിലൂടെ കാർഷികവിളകളോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് ജന്തുക്കളെ വളർത്തൽ എന്ന് തിരിച്ചറിയുന്നു.<br>• ജന്തുക്കളെ വളർത്തിയ ചില മികവുകൾ പങ്കുവെക്കൽ, വീടുസർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിഗമനം രൂപീകരിക്കൽ.<br>• ചർച്ച, നിരീക്ഷണം എന്നിവയിലൂടെ സസ്യകൃഷിയും ജന്തുപരിപാലനവും ചേർന്നുള്ള സംയോജിത കൃഷിരീതിയുടെ പ്രാധാന്യം തിരിച്ചറിയുന്നു.<br>• വളർത്തു ജീവികളുടെ ആൽബം തയാറാക്കൽ. | • പട്ടികകൾ വിലയിരുത്തൽ - ടീച്ചർ, സ്വയം.<br>• കുറിപ്പ് വിലയിരുത്തൽ - പരസ്പരം, ടീച്ചർ.<br>• ആൽബം വിലയിരുത്തൽ - ടീച്ചർ, പരസ്പരം. |

## പ്രശ്നമേഖല:
## പരിസരസൗഹൃദപരമായ നഗരവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും അഭാവം.

**ഉപപ്രശ്നങ്ങൾ**

- തന്റെ പ്രദേശത്തിന് യോജിച്ച മാലിന്യസംസ്ക്കരണരീതികളെക്കുറിച്ചുള്ള ധാരണയില്ലായ്മ.

**പഠനലക്ഷ്യങ്ങൾ**

- നിരീക്ഷണം നടത്തിയും ദ്വിതീയ വിവരസ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയും മാലിന്യങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ.
- വിവിധ മാലിന്യസംസ്ക്കരണരീതികൾ മനസ്സിലാക്കി തന്റെ പ്രദേശത്തിന് യോജിച്ചവ തെരഞ്ഞെടുക്കൽ.

| പഠനപ്രശ്നമയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • മാലിന്യസംസ്ക്കരണം | • മാലിന്യങ്ങൾ വിവിധ രീതിയിൽ സംസ്ക്കരിക്കാം – പ്രാദേശികമായി യോജിച്ച രീതിയിൽ മാലിന്യങ്ങൾ സംസ്ക്കരിക്കേണ്ടതുണ്ട്. | • കാർട്ടൂൺ ചിത്രം – സ്കൂട്ടറിൽ വന്ന് മാലിന്യം വലിച്ചെറിയുന്നയാൾ.<br>• മാലിന്യം ഉണ്ടാകുന്നത് – പ്രശ്നങ്ങൾ – സംഭാഷണം – വായനാസാമഗ്രികൾ.<br>• മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട പത്രവാർത്ത, സി.ഡികൾ.<br>• വിവിധ മാലിന്യസംസ്ക്കരണമാർഗങ്ങൾ – അനുഭവം – കേസ്.<br>• മണ്ണിരക്കമ്പോസ്റ്റ് – ചിത്രം – കുറിപ്പ് – വിശദാംശങ്ങൾ.<br>• കമ്പോസ്റ്റ്കുഴി നിർമാണം – വിശദാംശം. | • മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരായും അവ പരിസ്ഥിതിക്ക് ദോഷകരമാകാതെ സംസ്ക്കരിക്കണ്ടതാണെന്നുമുള്ള മനോഭാവം. | • കാർട്ടൂൺ, കേസ്, പത്രവാർത്ത എന്നിവയിലെ മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ അടിസ്ഥാനമാക്കി ചർച്ച ചെയ്തും വായനാസാമഗ്രികൾ വിശകലനം ചെയ്തും നിഗമനം രൂപീകരിക്കുന്നു. മാലിന്യപ്രശ്നം ലഘൂകരിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• വിദ്യാലയത്തിലെ മാലിന്യസംസ്ക്കരണം, പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>– കുറിപ്പുകൾ<br>– മാലിന്യങ്ങളുടെ പേരുകൾ തരംതിരിച്ച പട്ടിക.<br>– മാലിന്യസംസക്കരണ നിർദ്ദേശങ്ങൾ– കുറിപ്പ്. | • കുറിപ്പ് (മാലിന്യസംസ്ക്കരണങ്ങൾ) – പരസ്പരം, ടീച്ചർ<br>• നിർദ്ദേശങ്ങൾ– കുറിപ്പ്– പരസ്പരം, ടീച്ചർ വിലയിരുത്തൽ |

## പ്രശ്നമേഖല:
## ശാസ്ത്രീയമായ ആരോഗ്യ-
## പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം.

**ഉപപ്രശ്നങ്ങൾ**

- ആരോഗ്യസംരക്ഷണത്തെക്കുറിച്ച് ശരിയായ ധാരണയില്ല.
- പ്രഥമശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് ധാരണയില്ല.
- പ്രാദേശിക ചികിത്സാരീതിയെക്കുറിച്ചുള്ള ധാരണയില്ലായ്മയും ആഭിമുഖ്യക്കുറവും.

**പഠനലക്ഷ്യങ്ങൾ**

- അപകടം സംഭവിച്ചാൽ അതിന്റെ തീവ്രത കുറയ്ക്കുന്നതിന് പ്രഥമശുശ്രൂഷ സഹായിക്കുമെന്ന് ദ്വിതീയ വിവരശേഖരണം, അഭിമുഖം എന്നിവയിലൂടെ ധാരണയുണ്ടാകുന്നു.
- വായനാസാമഗ്രികൾ, അനുഭവം പങ്കിടൽ എന്നിവയിലൂടെ ചികിത്സയുമായി ബന്ധപ്പെട്ട നാട്ടറിവുകളെപറ്റി വിവരങ്ങൾ ശേഖരിച്ച് നിഗമനം രൂപീകരിക്കുന്നു. വിവിധ ചികിത്സാരീതികൾ നിലവിലുണ്ടെന്ന് ചർച്ചയിലൂടെ തിരിച്ചറിയുന്നു. ഔഷധസസ്യങ്ങളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ആരോഗ്യപരിപാലനം | • അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിന് പ്രഥമശുശ്രൂഷകൾ സഹായിക്കുന്നു. അപകടങ്ങൾ സംഭവിച്ചയുടനെ പ്രഥമ ശുശ്രൂഷ നൽകേണ്ടതുണ്ട്. | • അപകടങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, ചിത്രങ്ങൾ.<br>• പ്രഥമശുശ്രൂഷയുമായി ബന്ധപ്പെട്ട അനുഭവവിവരണം, കുറിപ്പുകൾ, ചിത്രങ്ങൾ, വിദഗ്ധനുമായി അഭിമുഖം, ഡമോൺസ്ട്രേഷൻ, പ്രഥമശുശ്രൂഷയുമായി ബന്ധപ്പെട്ട സി.ഡി. പ്രദർശനം. | • അപകടസന്ദർഭങ്ങളിൽ കാര്യക്ഷമമായി ഇടപെടാനുള്ള മനോഭാവം, സഹജീവി സ്നേഹം. | • സ്വാനുഭവങ്ങൾ, കാർട്ടൂൺചിത്രം, വായനാസാമഗ്രികൾ എന്നിവ വിശകലനം ചെയ്തും അഭിമുഖം നടത്തിയും പ്രഥമശുശ്രൂഷയെക്കുറിച്ചു വിവരങ്ങൾ ശേഖരിക്കുന്നു, പ്രഥമശുശ്രൂഷാകിറ്റ് എന്തെന്ന് മനസ്സിലാക്കുന്നു. കാർട്ടൂൺ വിശകലനക്കുറിപ്പ്, പ്രഥമശുശ്രൂഷാപട്ടിക, പതിപ്പ്. അഭിമുഖറിപ്പോർട്ട് പോസ്റ്റർ. | • പ്രഥമശുശ്രൂഷ, പട്ടിക വിലയിരുത്തൽ. |
| | • ചികിത്സയുമായി ബന്ധപ്പെട്ട് നിരവധി നാട്ടറിവുകളുണ്ട്. ചികിത്സയിൽ ഔഷധസസ്യങ്ങൾക്ക് പ്രധാനപങ്കുണ്ട്. നമ്മുടെ നാട്ടിൽ വിവിധ ചികിത്സാ രീതികളുണ്ട്. | • നാട്ടിലെ നാടൻ ചികിത്സാ രീതികളെക്കുറിച്ചുള്ള കുറിപ്പുകൾ, ചികിത്സയുമായി ബന്ധപ്പെട്ട് നാട്ടുവൈദ്യന്മാരുമായുള്ള അഭിമുഖം.<br>• നമുക്കുചുറ്റുമുള്ള ഔഷധസസ്യങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, ചിത്രങ്ങൾ(കാർട്ടൂൺ) ഔഷധസസ്യങ്ങൾ, സി.ഡി പ്രദർശനം. | • നാട്ടറിവുകളോടു ആഭിമുഖ്യം ഉണ്ടാകുന്നു. | • സ്വാനുഭവങ്ങളിലൂടെയും വായനാസാമഗ്രികളിലൂടെയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നാട്ടുചികിത്സയുമായി ബന്ധപ്പെട്ട നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• അന്വേഷണത്തിലൂടെ വിവിധ ചികിത്സാരീതികളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.<br>– സർവ്വേ റിപ്പോർട്ട്, അഭിമുഖ ചോദ്യാവലി, നാട്ടുചികിത്സാ പതിപ്പ്, ഔഷധസസ്യപതിപ്പ്. | • നാട്ടറിവുകളുടെ ശേഖരണം – പ്രക്രിയ, ശേഖരണക്കുറിപ്പുകൾ വിലയിരുത്തൽ.<br>• ഔഷധസസ്യങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വിലയിരുത്തൽ – പരസ്പരം. |

## പ്രശ്നമേഖല: പാർശ്വവൽക്കരിക്കപ്പെട്ടവരോട് പ്രത്യേകപരിഗണനയില്ലായ്മ.

**ഉപപ്രശ്നങ്ങൾ**

- സമൂഹത്തിൽ ചില വിഭാഗങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല.

**പഠനലക്ഷ്യങ്ങൾ**

- നമുക്കുചുറ്റും അത്യാവശ്യസൗകര്യങ്ങൾ ഇല്ലാത്ത ജനങ്ങളുണ്ടെന്ന് സർവേയിലൂടെ കണ്ടെത്തുകയും ജീവിതനിലവാരത്തിൽ ജനങ്ങൾക്കിടയിൽ അന്തരം നിലനിൽക്കുന്നുവെന്ന് നിഗമനം രൂപീകരിക്കുകയും പുരോഗമനപരമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • സാമൂഹിക അസമത്വം | • അത്യാവശ്യ സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള ധാരാളം കുടുംബങ്ങൾ നമുക്കു ചുറ്റുമുണ്ട്. | • കോളനി ജനജീവിതത്തെക്കുറിച്ച് കുറിപ്പ് റിപ്പോർട്ട്, പത്രകട്ടിംങ്സ്.<br>• കോളനിയിലെ വീടുകൾ – ചിത്രം. | • സമൂഹത്തിൽ പ്രയാസം അനുഭവിക്കുന്നവരോട് സഹായമനോഭാവം. | | • കുറിപ്പ് വിലയിരുത്തൽ – പരസ്പരം.<br>• നിഗമനങ്ങൾ വിലയിരുത്തൽ. |
| | • ജനങ്ങൾക്കിടയിൽ ജീവിതനിലവാരത്തിൽ വലിയ അന്തരം നിലനിൽക്കുന്നു. | • സർവ്വെ<br>• ചെക്ക്‌ലിസ്റ്റ് | | | • സർവ്വെ ഫോർമാറ്റ് രീപീകരണം, വിലയിരുത്തൽ.<br>• സർവ്വെ പ്രക്രിയ വിലയിരുത്തൽ.<br>• ചെക്ക്‌ലിസ്റ്റ് വിലയിരുത്തൽ. |

## പ്രശ്നമേഖല:
## അധ്വാനശേഷിവികാസത്തിന്റെ അഭാവം.

### ഉപപ്രശ്നങ്ങൾ

- തൊഴിൽ, തൊഴിലുപകരണങ്ങൾ, തൊഴിൽരീതി എന്നിവയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് വേണ്ടത്ര ധാരണയില്ല.
- തൊഴിൽമേഖലയിലെ വിവിധതരം വിവേചനങ്ങൾ പരിഹരിക്കപ്പെടേണ്ടതാണെന്ന ധാരണയില്ലായ്മ.
- അധ്വാനശേഷി സമൂഹനന്മയ്ക്കുവേണ്ടി വിനിയോഗിക്കണമെന്ന തിരിച്ചറിവില്ലായ്മ.

### പഠനലക്ഷ്യങ്ങൾ

- തൊഴിൽ, തൊഴിലുപകരണങ്ങൾ, എന്നിവയുടെ മാറ്റത്തിൽ ശാസ്ത്രത്തിന്റെ വളർച്ച സഹായിച്ചിട്ടുണ്ടെന്ന് വിവരശേഖരണത്തിലൂടെയും വിശകലനത്തിലൂടെയും കണ്ടെത്തുക. തൊഴിലുപകരണങ്ങളിലും തൊഴിൽ രീതിയിലും വന്ന മാറ്റം തൊഴിൽ സമയം കുറയ്ക്കുകയും അധ്വാനഭാരം ലഘൂകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിവിധ ഉപകരണങ്ങളുടെ പ്രവർത്തനരീതി അപഗ്രഥിച്ച് കണ്ടെത്തുക.
- തൊഴിൽരംഗത്ത് നിലനിൽക്കുന്ന വിവേചനങ്ങളെക്കുറിച്ച് (ആൺ-പെൺ, കൂലി) സർവേയിലൂടെയും മറ്റ് വിവരസ്രോതസ്സിലൂടെയും ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിഗമനം രൂപീകരിക്കുന്നു. ഇത് അശാസ്ത്രീയമാണെന്നും ഒരേ ജോലിക്ക് ഒരേ കൂലി വേണ്ടതാണെന്നുമുള്ള തിരിച്ചറിവ് നേടുക.
- അധ്വാനശേഷി കൂലിക്കുവേണ്ടിയല്ലാതെ സമൂഹനന്മയ്ക്കുവേണ്ടിയും വിനിയോഗിക്കുന്നവരുണ്ടെന്ന് അഭിമുഖം, പട്ടികാപഗ്രഥനം തുടങ്ങിയവയിലൂടെ കണ്ടെത്തി ഇത്തരം പ്രവർത്തനങ്ങൾ വിലമതിക്കപ്പെടേണ്ടതാണെന്ന മനോഭാവം രൂപപ്പെടുക.

| പഠനപ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • തൊഴിൽ, തൊഴിലുപകരണങ്ങൾ, എന്നിവയിലെ ശാസ്ത്രീയ വികാസം. | • തൊഴിൽ, തൊഴിലുപകരണങ്ങൾ എന്നിവയിൽ കാലികമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. | • പഴയകാലതൊഴിലുപകരണങ്ങളുടെ ചിത്രങ്ങൾ, കുറിപ്പുകൾ. പുതിയ തൊഴിലുപകരണങ്ങളുടെ ചിത്രങ്ങൾ, കുറിപ്പുകൾ, താരതമ്യം ചെയ്യാനുള്ള പട്ടിക, വായനാസാമഗ്രി (ഉപകരണങ്ങളിൽ വന്ന മാറ്റത്തിൽ ശാസ്ത്രത്തിന്റെ പങ്ക്).<br>• സി.ഡി. (യന്ത്രങ്ങളുടെ പ്രവർത്തനരീതി വിശദമാക്കുന്നത്), ഫീൽഡ്ട്രിപ്പ് - തൊഴിൽശാലയിലേക്ക്. | • തൊഴിലുപകരണങ്ങളെ ശാസ്ത്രീയമായി നോക്കിക്കാണാനുള്ള മനോഭാവം. | • ആട്ടുകല്ല് - ആത്മകഥ വിശകലനം - ചർച്ച.<br>• തൊഴിൽ, തൊഴിലുപകരണങ്ങൾ, തൊഴിൽരീതി എന്നിവയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് വിവിധസ്രോതസ്സുകളിൽനിന്ന് (സർവേ, റഫറൻസ്, ഫീൽഡ്ട്രിപ്പ്, അഭിമുഖം) വിവരശേഖരണം നടത്തുകയും നിഗമനങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.<br>- കുറിപ്പുകൾ<br>- പട്ടിക ((ഉപകരണങ്ങളുടെ)<br>- അഭിമുഖറിപ്പോർട്ട്<br>- സർവേറിപ്പോർട്ട് | • പഴയതും പുതിയതുമായ ഉപകരണങ്ങൾ, താരതമ്യപ്പട്ടിക, വിലയിരുത്തൽ - പരസ്പരം. |
| • തൊഴിലുപകരണങ്ങളിലെ ശാസ്ത്രീയ വികാസം മനുഷ്യന് പല രീതിയിൽ പ്രയോജനപ്പെടുന്നു. | • മാനസികാധ്വാനം ലഘൂകരിക്കുന്നതിനും സമയലാഭത്തിനും കൃത്യതയ്ക്കും വിവിധ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. | • കമ്പ്യൂട്ടറിന്റെ വിവിധ ഉപയോഗങ്ങൾ - കുറിപ്പ്.<br>• ഫാക്സ്, ഇലക്ട്രോണിക് വെയിംഗ് മെഷീൻ, മൊബൈൽ, കാൽക്കുലേറ്റർ എന്നിവയുടെ ചിത്രങ്ങൾ - ഓരോന്നിന്റെയും പ്രത്യേകതകളെക്കുറിച്ചുള്ള കുറിപ്പുകൾ. | | • കാൽക്കുലേറ്റർ ഉപയോഗിച്ച് ക്രിയ ചെയ്യൽ - ചർച്ച.<br>• വയനാസാമഗ്രി, നിരീക്ഷണം എന്നിവയിലൂടെ വിവിധ ഉപകരണങ്ങൾ അവയുടെ ഉപയോഗം, അവ മനുഷ്യന് ലഭ്യമാക്കുന്ന സൗകര്യങ്ങൾ എന്നിവ പട്ടികപ്പെടുത്തുന്നു. പട്ടിക അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. | • ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച താരതമ്യക്കുറിപ്പ്, വിലയിരുത്തൽ - ടീച്ചർ. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • അധ്വാനം സാമൂഹ്യ വികസനത്തിന് | • അധ്വാനശേഷി കൂലിക്കു വേണ്ടിയല്ലാതെ സാമൂഹ്യ നന്മയ്ക്കുവേണ്ടിയും വിനിയോഗിക്കുന്നു. | • ശ്രമദാനം - സ്കൂൾ റോഡ് - കുറിപ്പ്.<br>• വാർത്തകൾ - (സേവനപ്രവർത്തനങ്ങൾ)<br>• കുറിപ്പ് - സന്നദ്ധസംഘടനകൾ.<br>• അഭിമുഖം - സാമൂഹ്യപ്രവർത്തകർ.<br>• വാർത്ത - ജനകീയ കൂട്ടായ്മ.<br>• വാർത്ത - കുട്ടികളുടെ കൂട്ടായ്മ പ്രവർത്തനം. | • സാമൂഹ്യപ്രവർത്തനങ്ങളോട് ആഭിമുഖ്യം. | • സ്കൂൾ റോഡ് നിർമാണം - ശ്രമദാനം - കുറിപ്പ് - ചർച്ച.<br>• അഭിമുഖം, ദ്വിതീയ വിവരശേഖരണം, അന്വേഷണം എന്നിവയിലൂടെ സന്നദ്ധസംഘടനകൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ സേവനപ്രവർത്തനങ്ങൾ സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>- പട്ടികകൾ - സേവനപ്രവർത്തനങ്ങൾ, സന്നദ്ധസംഘടനകൾ.<br>- അഭിമുഖറിപ്പോർട്ട്, പ്രാദേശിക വികസനത്തെക്കുറിച്ച്. | • പട്ടികവിലയിരുത്തൽ - സ്വയം, പരസ്പരം, ടീച്ചർ.<br>• അഭിമുഖം, പ്രക്രിയ വിലയിരുത്തൽ - ടീച്ചർ<br>• റിപ്പോർട്ട് വിലയിരുത്തൽ - സ്വയം.<br>• വികസനക്കുറിപ്പ് വിലയിരുത്തൽ - സ്വയം. |
| • തൊഴിൽ മേഖലയിലെ വിവേചനങ്ങൾ | • തൊഴിലുമായി ബന്ധപ്പെട്ട കൂലി നിരക്കിൽ ആൺ-പെൺ വിവേചനം നിലനിൽക്കുന്നു. | • കെയ്സുകൾ- തൊഴിലിടങ്ങളിലെ സ്ത്രീകൾ.<br>• തൊഴിലും കൂലിയുമായി ബന്ധപ്പെട്ട സർവ്വെ.<br>• ദേശീയ തൊഴിലുറപ്പ് പദ്ധതി- വായനാക്കുറിപ്പ്. | • ആൺ-പെൺ വിവേചനം അവസാനിപ്പിക്കേണ്ടതാണെന്ന മനോഭാവം. | • കെയ്സുകൾ, സർവ്വെഫലങ്ങൾ എന്നിവ വിശകലനം ചെയ്ത് സംവാദാത്മക പഠനത്തിലൂടെ തൊഴിലിടങ്ങളിലെ ആൺ-പെൺ വിവേചനത്തെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>- കൂലിയിലെ പ്രശ്നങ്ങൾ-ക്രോഡീകരണം<br>- സംവാദം-കുറിപ്പ്<br>- കുറിപ്പ്<br>- സർവ്വെ ഫോർമാറ്റ്<br>- സർവ്വെ വിശകലനം, നിഗമനം. | • സർവ്വെ-പ്രക്രിയ, നിഗമനം<br>- ടീച്ചറുടെ വിലയിരുത്തൽ. |